# കേരളീയ നവോത്ഥാനവും മാനവികതയും

ഈ ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ; എണ്ണൂറുകളുടെ തുടക്കത്തിൽ ആരംഭംക്കുറിക്കപ്പെട്ട വിദ്യാഭ്യാസ-സാമൂഹിക വിപ്ലവങ്ങളുടെ പ്രവർത്തനഫലമെന്നോണം ചടുലഭാവത്തിൽ വളരുന്ന യന്ത്രവത്കരണത്തിന്റെ തുടർച്ചയെന്നോണം നിരീക്ഷിക്കപ്പെടുന്ന നൂതനസാംസ്കാരികവത്കരണത്തിൽ നാം ജീവിച്ചുകൊണ്ടിരിക്കുമ്പോൾ; ജൈവ-സാംസ്കാരിക-സാമൂഹിക സമ്പന്നതയിലും പ്രതിബദ്ധതയിലും ഉന്നതരായി വാഴുന്ന നാമോരുത്തരും സൂക്ഷ്മഭാവത്തിൽ വീക്ഷിക്കേണ്ട അഥവാ ഒരു സമഗ്രവിശകലനത്തിന് വിഷയമാകേണ്ട ഒന്നല്ലേ; "കേരളീയ നവോത്ഥാനവും മാനവികതയും" എന്നത്?

കാലം മാറ്റങ്ങൾക്കതീതമല്ലേ? അതെ, കാലചക്രത്തിൽ പരിവർത്തനങ്ങൾ സംഭവിച്ചുകൊണ്ടേയിരിക്കുന്നു, അത്തരത്തിൽ മലയാളക്കരയിൽ ഒരു പരിധിവരെ അന്തർദേശീയ ചലനങ്ങളുടെ മാറ്റത്തിന്റെ കാറ്റ് ആഞ്ഞുവീശി; സ്വാതന്ത്ര്യത്തിന്റെ അനന്തരഫലമെന്നോണം തുടക്കം കുറിക്കപ്പെട്ട ഒന്ന്. തലമുറകളായി, നൂറ്റാണ്ടുകളായി നിലനിന്നിരുന്ന നിഷ്ഠൂരവും അനീതിനിറഞ്ഞതുമായ ഒരു സാമൂഹികവ്യവസ്ഥയിൽ

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

നിന്നുള്ള 'ഇറങ്ങിപ്പോക്കൽ' മാത്രമായിരുന്നില്ല. അത് മറിച്ച് ഒരു നവീനവ്യവസ്ഥയിലേക്കുള്ള 'കടന്നുകയറ്റം' കൂടിയാകുന്നു; കേരളക്കരയിൽ നവോത്ഥാനമെന്നത്.

സ്വാതന്ത്ര്യസമരകാലത്ത് തുടക്കംകുറിക്കപ്പെട്ട ഒരു പ്രസ്ഥാനമായിരുന്നല്ലോ. ജാതിയവിവേചനമില്ലാതെ വർണ്ണവ്യത്യാസങ്ങളില്ലാതെ എല്ലാവർക്കും സമീപസ്ഥമായി 'വിദ്യാലയങ്ങൾ'. സമാധാന നോബേൽ സമ്മാനജേതാവായ മലാലയൂസഫ്സായി പറഞ്ഞതുപോലെ; "ഒരു തൂലികയ്ക്ക്, ഒര പുസ്തകത്തിന്, ഒരു അധ്യാപകന് - ഈ ലോകത്തെ മാറ്റത്തിലേക്ക് നയിക്കാനാവും". അതെ; തങ്ങൾക്ക് സമീപസ്ഥമായ വിദ്യാഭ്യാസത്തിലൂടെ; അതിൽ നിന്ന് ലഭിച്ച തിരിച്ചറിവുകളുടെ അടിസ്ഥാനത്തിൽ തങ്ങൾക്ക് നഷ്ടമായ സ്വത്വാവബോധം നമ്മിൽ പുനർജനിച്ചു, ആരുടെയും കീഴിൽ തലമുറകളോളം ബന്ധനസ്ഥരാക്കപ്പെടേണ്ടവരല്ല ഞങ്ങളെന്നും. നമ്മുക്ക് സ്വാതന്ത്ര്യത്തിന്റെ സാധ്യതകളുടെ അനന്തപ്രപഞ്ചവുമൊന്നുമുള്ള തിരിച്ചറിവ് സാമൂഹ്യാചാരങ്ങളിൽ വലിയ മാറ്റങ്ങളിലേക്ക് നയിച്ചു. അയ്യൻകാളി നടത്തിയ വില്ലുവണ്ടി സമരവും അദ്ദേഹം നേതൃത്വംകൊടുത്ത കല്ലുമാലസമരവും കേരളസമൂഹത്തിൽ വലിയകോളിളക്കം സൃഷ്ടിച്ച സവർണ്ണജാഥയും, കണ്ണാടി-പ്രതിഷ്ഠയും, ക്ഷേത്രപ്രവേശന വിളംബരവുമെല്ലാം ഈ പരിവർത്തനത്തിന്റെ പ്രതിഫലനങ്ങളാണ്.

ദേശീയതലത്തിൽ മഹാത്മാഗാന്ധി ആരംഭിച്ച 'ഹരിജൻ' പ്രസ്ഥാനവും, ബാലഗംഗാധര തിലകിന്റെ 'കേസരി' പത്രവും എല്ലാം മാറ്റങ്ങൾ സൃഷ്ടിച്ചപ്പോൾ കേരളത്തിലും തൂലികകൾ നിശബ്ദമായിരുന്നില്ല. "മാറ്റുവിൻ ചട്ടങ്ങളെ ~~സ്വയമതത~~ സ്വയമല്ലെങ്കിൽ, മാറ്റുമതുകളീ നിങ്ങളെത്താൻ" - എന്ന് കുമാരനാശാൻ കുറിച്ചപ്പോൾ, "എന്റെ ഗുരുനാഥൻ", "അശ്വമേധം" "ചണ്ഡാലഭിക്ഷുകി" എന്നിവയും മലയാളിയുടെ ഹൃദയത്തിൽ ഇടംനേടി. വിപ്ലവഗാനങ്ങളും നാടകങ്ങളും കലയിലൂടെ മാത്രം സാധ്യമാകുന്ന ആശയധ്രുവീകരണത്തിന് ഉദാഹരണമല്ലെ? പത്രമാധ്യമങ്ങൾ ശക്തമായ ഭാഷയിൽ സമൂഹത്തിലെ നീതികേടിനെ വിമർശിച്ചുകൊണ്ടേയിരുന്നു, ഇത് പിന്നീട് സമൂഹത്തിൽ ഉണ്ടായ പലപുനരുത്ഥാനത്തിന്റെയും നിതാന്തമായി, പല ദേശസ്നേഹികളുടെയും സാമൂഹ്യവിമർശകരുടെയും പ്രയത്നഫലമായുണ്ടായ ഈ നവോത്ഥാനം ഒരു തരത്തിൽ സമഗ്രമേഖലകളിലുമുള്ള അനീതികളെ ഒരു പരിധിവരെ ഇല്ലാതാക്കിയ എല്ലാവർക്കും തുല്യാവകാശവും തുല്യനീതിയും ഉറപ്പാക്കിയ പ്രക്രിയക്ക് ഉത്തേജനം നൽകിയ - വിദ്യാഭ്യാസത്തിനും, മാധ്യമങ്ങൾക്കും ഇന്നതിന് കഴിയുന്നുണ്ടോ എന്നതും വിശകലനം ചെയ്യുമ്പോൾ ബാക്കിയാവുക ദുരിപക്ഷ മാധ്യമ, വിദ്യാഭ്യാസ സംസ്കാരത്തിന്റെ അപ്രഖ്യാപിതലക്ഷ്യമായ - സ്വാർത്ഥതയുടെ മുഖംമൂടിയാവും

കേരളത്തിൽ 'നവോത്ഥാനം' എന്നത് സമ്പൂർണ്ണമായോ പക്ഷെ, സമഗ്രമായിരിക്കുന്നുവെന്ന് നിസ്സംശയം പറയാം. കാരണം; വർണ്ണവിവേചനത്തിന്റെ സാമൂഹികചട്ടക്കൂടുകളെ സാക്ഷിയാക്കി മികവിന്റെ, പ്രതിഭയുടെ, സർഗ്ഗാത്മകതയുടെ ഒരുവനെ അളക്കുന്ന സാമൂഹികക്രമം ഇവിടെ നിലവിൽ വന്നു. ജന്മനാ അഥവാ ജാതിക്രമത്തിലുള്ള "തൊഴിൽ നിയമങ്ങൾ" മൂകപാഠങ്ങളായി; ഇവിടെ സാധ്യതകളുടെ തുല്യവിതരണം സാധ്യമായി. വീടുകളിൽ, അടുക്കളയുടെ ചുവരിൽ കഴിഞ്ഞ സ്ത്രീജനങ്ങൾ "അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്" കുതിച്ചുയർന്നു. രാഷ്ട്രത്തിന്റെ എല്ലാ സൗകര്യങ്ങളും അനുകൂല്യങ്ങളും എല്ലാ പൗരന്മാർക്കും തുല്യമായി, നീതിയുക്തമായി ലഭിക്കത്തക്കവിധം അടിസ്ഥാന സൗകര്യങ്ങളുടെ കൃത്യമായ വിതരണം നടപ്പിലാക്കാനായി. നിസ്കാരത്തഴമ്പിന്റെയോ ചന്ദനക്കുറിയുടെയോ കുരിശുമാലയുടെ വേർതിരിവില്ലാതെ എല്ലാവരും തോളോടുതോൾ ചേർന്ന് ജീവിക്കുന്ന പരസ്പരം ഉന്നമനത്തിനായി സഹവർത്തിത്വത്തോടെ പ്രവർത്തിക്കുന്ന ഒരു സാമൂഹിക-സാംസ്കാരിക അന്തരീക്ഷം പ്രാപ്യമായി, തുടർന്നിങ്ങോട്ട് ധ്രുതഗതിയിലുള്ള വികസനങ്ങളുണ്ടായെങ്കിലും അതിന്നും പ്രഥമാവസ്ഥയിൽ തന്നെയല്ലേ? ആദിവാസി-ഗോത്രസമൂഹങ്ങളുടെ നവോത്ഥാനം എന്നാണ് പൂർണ്ണാവസ്ഥ പ്രാപിക്കുക?

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

ഒരു സുപ്രഭാതത്തിൽ ആരംഭിച്ച്, എന്നോ പര്യവസാനിച്ച ഒന്നല്ല നവോത്ഥാനം; മറിച്ചതിന്നും തുടരുന്ന തുടർന്നുകൊണ്ടേയിരിക്കുന്ന ഒരു പ്രക്രിയയാണ്. ഇന്ന് നിർമ്മിതബുദ്ധിയുടെ ഈ ഡിജിറ്റൽ യുഗത്തിൽ ബൗദ്ധിക നവോത്ഥാനം ത്വരിതപ്പെട്ടിരിക്കുന്നു. ഒരുവന് അവന്റെ ചിന്താധാരയുടെ സമഗ്രവത്കരണത്തിന്, ആശയങ്ങളുടെ സമ്പുഷ്ടീകരണത്തിന് എന്തിനേറെ; സ്വയം അവലോകനം ചെയ്യാൻ വരെ യാതൊരു വേർതിരിവുമില്ലാതെ നാനാഭേദമന്യേ നിർമ്മിതബുദ്ധി സഹായിക്കുന്നു. പക്ഷെ ഈ ബൗദ്ധികനവോത്ഥാനം ഒരുതരത്തിൽ ആംഗലേയവത്കരണത്തിനും; അനുകരണസംസ്കാരത്തിന്റെ ദുഷ്ഫലമായ സാംസ്കാരിക സമൃദ്ധിയുടെ ശോഷണത്തിന് കാരണമാകുന്നുണ്ടോ എന്ന് നാം സ്വയം ചോദിച്ചുകൊണ്ടേയിരിക്കണം കാരണം; നവോത്ഥാനം സ്വയം ഇല്ലാതാവലല്ല; മറിച്ച് അഴി സ്വയം നവീകരണമല്ലേ?

സാംസ്കാരിക - സാമൂഹിക - വൈജ്ഞാനിക മേഖലകളിൽ ഉണ്ടായ ഈ പുത്തൻ ഉണർവ് പ്രപഞ്ചത്തോടുള്ള നമ്മുടെ കാഴ്ചപ്പാടുകളിൽ മാറ്റംകൊണ്ടുവന്നു. "ലോകമേ തറവാട്"... എന്ന ചിന്താധാരയിലേക്ക് അതായത് മാനവികതയുടെ കളിത്തൊട്ടിലിലേക്ക് നവോത്ഥാന-

64-ാമത് കേരള സ്കൂൾ കലോത്സവം തിരുത്തി.................... പ്രോഗ്രാം കമ്മിറ്റി

ത്തിന്റെ ചാൽനുകർന്ന് നാം പിച്ചവെച്ചു. ആഗോള വീക്ഷണമുള്ളവരായി നാം വളർന്നു. ലോകത്തെവിടെയും ഏതൊരു മനുഷ്യനുമുണ്ടാവുന്ന എല്ലാ പ്രശ്നങ്ങളും തന്റേതു കൂടിയായി മാറുന്ന കാഴ്ചപ്പാടിലേക്ക്, നിസ്വാർത്ഥമായ ജീവിതശൈലിയിലേക്ക്, വിശ്വസാഹോദര്യത്തിന്റെ കുലീന ചിന്താധാരയിലേക്ക് നാം വളർന്നു. അതിനാലാണ് "മൈക്കലാഞ്ചലോ മാപ്പ്" എന്ന കവിതയും "സക്കാരി" എന്ന മാധ്യമസ്ഥാപനവും ജനങ്ങളേറ്റെടുത്തത്.

ഇന്റർനെറ്റിന്റെ അതിവേഗവ്യാപനം മാനവികതയുടെ വ്യാപനത്തെ ത്വരിതപ്പെടുത്തി. ഭൂഗോളത്തിന്റെ സ്പന്ദനം വിരൽത്തുമ്പിലാകയാൽ വിശ്വസാഹോദര്യം എന്ന ചിന്താധാരയും മാനവികതയിലൂന്നി വളരുന്നു. അതിനാ-ലല്ലേ; ഇസ്രായേലിലെ ഒക്ടോബർ ഏഴും, ഗാസയിലെ പിഞ്ചുകുഞ്ഞുങ്ങളുടെ ദയനീയമുഖവും മലയാളിയെ വ്യസനത്തിലാഴ്ത്തുന്നത്? വെനേസ്വലയിലെ അമേരിക്കൻ കടന്നുകയറ്റവും മരിയ മച്ചാഡോയുടെ നിക്കങ്ങളെയും നാം സശ്രദ്ധം വീക്ഷിക്കുന്നത്? ബി.ടി.എസും (കൊറിയൻ റാപ്പ്) 'കാർപെന്റും' മുഴങ്ങിക്കേൾക്കുന്നത്? അതെ; നമ്മുടെ സാംസ്കാരിക - കലാ മണ്ഡലങ്ങളിൽ, മാനവികത തു[illegible]ന്നുവച്ചു നിറദീപം സമസ്തമേഖലകളെയും പ്രശോഭിപ്പിച്ചുകൊണ്ട് വിളങ്ങിനിൽക്കുന്നു. ഇതിനെല്ലാം

കാരണമായതാവട്ടെ ; കേരളത്തിൽ വിദ്യാഭ്യാസ - സാമൂഹിക - സാംസ്കാരിക - സാമുദായിക മേഖലകളിലുണ്ടായ നവോത്ഥാനവും ; വിശ്വപൗരനായില്ലെങ്കിലും വിശ്വസാഹോദര്യത്തിന്റെ വക്താക്കളാകാൻ മാനവികത എന്നും നമ്മെ പ്രേരിപ്പിക്കുന്നു.

ഭാരതം സ്വാതന്ത്ര്യത്തിന്റെ അമൃതമഹോത്സവം പിന്നിടുമ്പോൾ സമഗ്രമേഖലകളിലും കേരളം മുൻപന്തിയിൽ തന്നെ വിളങ്ങുന്നു. "അതിദാരിദ്ര്യമുക്ത"മായെങ്കിലും ദാരിദ്ര്യം ബാക്കിയാവുന്നു. ഭിന്നനയങ്ങളും വോട്ടുബാങ്ക് രാഷ്ട്രീയവും നവോത്ഥാനത്തിന്റെ ശോഭ കെടുത്തുന്നു. എസ്. ഐ. ആർ - പരിഷ്കരണവും, പൗരത്വഭേദഗതി ബില്ലും നാം നവശിവാന്തവെതിർത്താലും, ഹേമ-കമ്മിറ്റി റിപ്പോർട്ടും, ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ടും, മതനിയമങ്ങളെ മറികടക്കുന്ന സാമൂഹ്യനിയമങ്ങളും സ്വത്തവകാശനിയമത്തിൽ സ്ത്രീക്ക് തുല്യപരിഗണനയും മറ്റും നടപ്പിലാക്കിയാൽ മാത്രമേ നമുക്ക് കേരളത്തിലെ സാമൂഹികചിന്തകരും, സാംസ്കാരികനായകന്മാരും ~~എ~~ എല്ലാറ്റിനുമുപരി നമ്മുടെ സ്വാതന്ത്ര്യസമരസേനാനികളുടെയും ഉൾപ്പടെയും സ്വപ്നത്തിലുണ്ടായിരുന്ന - യഥാർഥ നവീകരണം, സമ്പൂർണ്ണ നവോത്ഥാനം അതായത് വിവേചനാരഹിതമായ കടന്നുകയറ്റങ്ങളോ അടിച്ചമർത്തലോ ഉണ്ടാകാത്ത സാമൂഹിക

അന്തരീക്ഷം സാധ്യമാകൂ. ആത്മനിർഭര ഭാരതത്തിലേക്ക്
നാം നടന്നടുക്കുമ്പോൾ കേരളത്തിന്റെ നവോത്ഥാന
പ്രസ്ഥാനങ്ങൾ പകർന്ന മാനവികതയുടെ ഊർജ്ജവും
സ്വത്വാബോധവും സാംസ്കാരികതനിമയും നഷ്ടമാകാ
തിരിക്കാൻ നമുക്ക് ബോധപൂർവ്വം ശ്രമിക്കാം, അതിനാ-
യി തെരഞ്ഞെടുപ്പ് വാഗ്ദാനങ്ങൾ എന്ന് നടപ്പാക്കും
എന്ന് പറയുന്ന സമൂഹികനീതിയെ തകരാറിലാക്കുന്ന
ഉദ്യോഗസ്ഥരെ ശിക്ഷിക്കുന്ന ; ജനങ്ങളാൽ, ജനങ്ങളിൽനിന്ന്
ജനങ്ങൾക്ക്‌വേണ്ടി തെരഞ്ഞെടുക്കപ്പെടുന്ന ഭരണകൂട-
ങ്ങൾ ഉണ്ടാവട്ടെ. ; രാഷ്ട്രസ്നേഹമുള്ള പൗരബോധമുള്ള
ഒരു തലമുറ പിറക്കട്ടെ ; സ്വാതന്ത്ര്യം അതിന്റെ പൂർ-
ണ്ണതയിലെത്തട്ടെ. അതിരുകളില്ലാതെ ഒഴുകട്ടെ.....

ജയ് ഹിന്ദ്.